"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കെ.എസ്.ഡബ്ല്യൂ.എം.പി. പദ്ധതിയിൽ ഉൾപ്പെടുത്തി 93 നഗരസഭകളിൽ ഖരമാലിന്യ പരിപാലനത്തിൽ ഏർപ്പെട്ടിരിക്കുന്ന ഹരിതകർമ്മസേന അംഗങ്ങളുടെ വരുമാന വർദ്ധനവിനായി ബിസിനസ്സ് ഡെവലപ്മെന്റ് പ്ലാൻ നടപ്പിലാക്കുന്നതിനുള്ള നിർവ്വഹണ മാർഗ്ഗരേഖ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡബ്ല്യൂ.എം.) വകുപ്പ്**

സ.ഉ.(സാധാ) നം.626/2025/LSGD തീയതി,തിരുവനന്തപുരം, 06-03-2025

---

പരാമർശം:- (1) തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 11.11.2024-ന് കൂടിയ KSWMP Empowered Committee മീറ്റിംഗ് തീരുമാനം.

(2) കെ.എസ്.ഡബ്ല്യൂ.എം.പി. പ്രോജക്ട് ഡയറക്ടറുടെ 13.02.2025-ലെ 2117/SSG/2024/KSWMP നമ്പർ കത്ത്.

**ഉത്തരവ്**

കേരള ഖരമാലിന്യ പരിപാലന പദ്ധതിയിൽ (കെ.എസ്.ഡബ്ല്യൂ.എം.പി.) ഉൾപ്പെടുത്തി, നഗരസഭകളിലെ ഖരമാലിന്യ പരിപാലനത്തിൽ ഏർപ്പെട്ടിരിക്കുന്ന ഹരിതകർമ്മസേന അംഗങ്ങളുടെ ജീവിത നിലവാരം ഉയർത്തുന്നതിനായി ഖരമാലിന്യ സംസ്കരണത്തിന് ഉതകുന്ന പരിഹാരങ്ങൾ നൽകിക്കൊണ്ട് പാഴ് വസ്തുക്കളിൽ നിന്നും ജൈവ മാലിന്യത്തിൽ നിന്നും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്ന ഹരിത സംരംഭങ്ങളും ഖരമാലിന്യ പരിപാലനവുമായി ബന്ധപ്പെട്ട വിവിധ സേവന സംരംഭങ്ങളും നടപ്പിലാക്കി ഹരിതകർമ്മസേനയെ സ്വയം പര്യാപ്തതയിൽ എത്തിക്കുവാൻ ലക്ഷ്യമിടുന്ന ബിസിനസ്സ് ഡെവലപ്മെൻ്റ് പ്ലാനിന്റെ പ്ലാൻ നടപ്പിലാക്കുന്നതിനുള്ള കരട് നിർവ്വഹണ മാർഗ്ഗരേഖ കെ.എസ്.ഡബ്ല്യൂ.എം.പി. പ്രോജക്ട് ഡയറക്ടർ ,പരാമർശം (2) പ്രകാരം, ലഭ്യമാക്കി.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നഗരസഭകളിൽ ഖരമാലിന്യ പരിപാലനത്തിൽ ഏർപ്പെട്ടിരിക്കുന്ന ഹരിതകർമ്മസേന അംഗങ്ങളുടെ വരുമാന വർദ്ധനവ് ഉദ്ദേശിച്ചുകൊണ്ടുള്ള ബിസിനസ്സ് ഡെവലപ്മെന്റ് പ്ലാൻ നടപ്പിലാക്കുന്നതിനുള്ള നിർവ്വഹണ മാർഗ്ഗരേഖ, ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള പ്രകാരം, അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനുപമ ടി വി
സ്പെഷ്യൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്.
പ്രോജക്ട് ഡയറക്ടർ, കെ.എസ്.ഡബ്ല്യൂ.എം.പി.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) / (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ.
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ.
എല്ലാ മുനിസിപ്പൽ കോർപ്പറേഷൻ / നഗരസഭാ /ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും.
(തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ഐ & പി.ആർ.ഡി (വെബ് & ന്യൂ മീഡിയ) വകുപ്പ്.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Manish V V
Date: 06-03-2025 16:03:09
സെക്ഷൻ ഓഫീസർ

പകർപ്പ് :- തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്-ന്.
തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി എ-ക്ക്

**കേരള ഖരമാലിന്യ പരിപാലന പദ്ധതി**

**- ബിസിനസ്സ് ഡെവലപ് മെന്റ് പ്ലാൻ -**

നഗരസഭകളിൽ ഖരമാലിന്യ പരിപാലനത്തിൽ ഏർപ്പെട്ടിരിക്കുന്ന വനിതകളുടെ വരുമാന വർദ്ധനവിനായി നടപ്പിലാക്കുന്ന ബിസിനസ്സ് ഡെവലപ് മെന്റ് പ്ലാനിന്റെ നിർവഹണ മാർഗ്ഗരേഖ

കേരള ഖരമാലിന്യപരിപാലന പദ്ധതിയിൽ (KSWMP) ഉൾപ്പെടുത്തി, നഗരസഭകളിലെ ഖരമാലിന്യ പരിപാലനത്തിൽ ഏർപ്പെട്ടിരിക്കുന്ന ഹരിതകർമ്മസേന അംഗങ്ങൾക്കായി അവരുടെ വരുമാന വർദ്ധനവിലൂടെ ജീവിത നിലവാരം ഉയർത്തുന്നതിനായി ഖരമാലിന്യ സംസ്കരണത്തിനുതകുന്ന പരിഹാരങ്ങൾ നൽകിക്കൊണ്ട് പാഴ് വസ്തുക്കളിൽ നിന്നും ജൈവ മാലിന്യത്തിൽ നിന്നും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്ന ഹരിത സംരംഭങ്ങളും ഖരമാലിന്യ പരിപാലനവുമായി ബന്ധപ്പെട്ട വിവിധ സേവന സംരംഭങ്ങളും നടപ്പിലാക്കി ഹരിതകർമ്മസേനയെ സ്വയം പര്യാപ്തതയിൽ എത്തിക്കുക എന്നതാണ് ബിസിനസ്സ് ഡെവലപ് മെന്റ് പ്ലാൻ കൊണ്ട് ലക്ഷ്യമിടുന്നത്. രണ്ട് ഘട്ടങ്ങളിലായി നടപ്പിലാക്കുന്ന പദ്ധതിയിൽ ആദ്യഘട്ടത്തിൽ 93 നഗരസഭകളിൽ നിന്നും ഓരോ പ്ലാൻ വീതവും, രണ്ടാം ഘട്ടത്തിലെ ഓരോ പ്ലാനുകളും ചേർത്ത് 186 പ്ലാനുകളാണ് ആകെ നടപ്പിലാക്കുന്നത്.

കേരള ഖര മാലിന്യ പരിപാലന പദ്ധതിയിൽ നിന്നും നഗരസഭയ്ക്ക് ലഭ്യമാക്കുന്ന ബേസിക് ഗ്രാന്റിൽ ഉൾപ്പെടുത്തിയാണ് പദ്ധതി തുക ലഭ്യമാക്കുന്നത്. പദ്ധതിയുടെ സുഗമമായ നടത്തിപ്പിന് താഴെപ്പറയുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

**1. പദ്ധതി ആവിഷ്കാരം**

നഗരസഭാ അധികൃതർ, ഹരിത കർമ്മസേനാ അംഗങ്ങൾ, മറ്റ് പദ്ധതി പങ്കാളികൾ എന്നിവരുമായി കൂടിയാലോചന നടത്തി, നിലവിലെ സാഹചര്യങ്ങൾ പഠിച്ച്, ഖരമാലിന്യ പരിപാലനവുമായി ബന്ധപ്പെട്ട് ഓരോ നഗരസഭയുടെയും പ്രത്യേകമായ സവിശേഷതകളും സാധ്യതകളും മനസ്സിലാക്കി, അതാത് നഗരസഭകളിൽ ഖരമാലിന്യ പരിപാലനത്തിൽ ഏർപ്പെട്ടിരിക്കുന്ന വനിതകൾക്കായി അവരുടെ താൽപ്പര്യവും, വിഭവശേഷിയും പരിഗണിച്ചാണ് ഓരോപ്ലാനും KSWMP-യുടെ ടെക്നിക്കൽ സപ്പോർട്ട് കൺസൾട്ടന്റ് മുഖേന തയ്യാറാക്കുന്നത്. ഓരോ പ്ലാനിലും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ബിസിനസ്സ് യൂണിറ്റിന്റെ സവിശേഷതകൾ, പ്രസ്തുത ബിസിനസ്സ് തിരഞ്ഞെടുക്കുന്നതിനുള്ള കാരണങ്ങൾ, അടിസ്ഥാന വിവരശേഖരണം, ലഭ്യമായ കണക്കുകളുടെ അപഗ്രഥനം, നിർദ്ദേശിക്കപ്പെട്ട ബിസിനസ്സിന്റെ സാധ്യതാ പരിശോധന, മാർക്കറ്റ് പഠനം, മാർക്കറ്റിംഗ് പ്ലാൻ, വിശദമായ ബഡ്ജറ്റ് ലാഭവിഹിതത്തിനുള്ള പ്ലാൻ എന്നിവ ഉൾപ്പെടേണ്ടതാണ്. ഇത്തരത്തിൽ ടെക്നിക്കൽ സപ്പോർട്ട് കൺസൾട്ടന്റ് (TSC) തയ്യാറാക്കുന്ന ബിസിനസ്സ് ഡെവലപ് മെന്റ് പ്ലാൻ KSWMP-യുടെ ജില്ലാ പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് (DPMU) പരിശോധനയ്ക്കുശേഷം നഗരസഭാ കൗൺസിൽ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതാണ്.

**2. പദ്ധതി തുക**

ഓരോ ബിസിനസ്സ് ഡവലപ് മെന്റ് പ്ലാനിലും തയ്യാറാക്കപ്പെട്ട ബഡ്ജറ്റ് അനുസരിച്ച് പരിശോധനയ്ക്കുശേഷം ക്യാപിറ്റൽ ഇൻവെസ്റ്റ്മെന്റും ആറുമാസത്തേയ്ക്കുള്ള വർക്കിംഗ് ക്യാപ്പിറ്റലും KSWMP മുഖേന നൽകുന്നതാണ്.

പ്രസ്തുത തുക ഓരോ നഗരസഭകൾക്കും KSWMP മുഖേന അനുവദിച്ചിട്ടുള്ള ബേസിക്ക് ഗ്രാന്റ് വിഹിതത്തിൽ നിന്നും, ബിസിനസ്സ് ഡെവലപ് മെന്റ് പ്ലാനിന് ലഭിക്കുന്ന സാമ്പത്തികാനുമതി (FS) ക്കനുസരിച്ച് ചെലവഴിക്കാവുന്നതാണ്.

പദ്ധതിയുടെ സാമ്പത്തിക അംഗീകാരം (FS) KSWMP പ്രോജക്ട് ഡയറക്ടർ നൽകുന്നതാണ്.

**3. രജിസ്ട്രേഷൻ**

പദ്ധതി നിർവ്വഹിക്കുന്നതിനായി ഹരിതകർമ്മസേന കൺസോർഷ്യത്തിന് കീഴിൽ പ്രസ്തുത ബിസിനസ്സ് നടത്തുന്നതിനായി സന്നദ്ധരായി തിരഞ്ഞെടുക്കപ്പെട്ട ഹരിത കർമ്മസേനാംഗങ്ങൾ ചേർന്ന് MSMEയ്ക്ക് കീഴിൽ പ്രത്യേക ME (മൈക്രോ എന്റർപ്രൈസ്) ആയി രജിസ്റ്റർ ചെയ്യാവുന്നതാണ്.

**4. ബാങ്ക് അക്കൗണ്ട്**

പ്രസ്തുത ബിസിനസ് നിർവഹണത്തിനായി ഹരിതകർമ്മസേന കൺസോർഷ്യത്തിന്റെ പ്രസിഡന്റ്/ സെക്രട്ടറിയും, ട്രെഷററും സംയുക്തമായി ഒരു ജോയിന്റ് അക്കൗണ്ട് ഈ പദ്ധതിയ്ക്ക് വേണ്ടി മാത്രമായി നഗരസഭാ പരിധിയിൽ ഉള്ള ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ ആരംഭിക്കേണ്ടതാണ്.
പ്രസ്തുത അക്കൗണ്ടിലേക്കു മാത്രമേ നഗരസഭയിൽനിന്നും KSWMP അംഗീകരിച്ച തുക കൺസോർഷ്യത്തിന് കൈമാറാൻ പാടുള്ളു.

**5. എഗ്രിമെന്റ്**

ബിസിനസ്സ് ഡെവലപ് മെന്റ് പ്ലാൻ നിർവ്വഹണത്തിനായി നഗരസഭയും, ഹരിതകർമ്മസേന കൺസോർഷ്യവും തമ്മിൽ ഒരു കരാർ ഏർപ്പെടേണ്ടതാണ്.

നഗരസഭാ കൗൺസിലിനുവേണ്ടി നഗരസഭാ സെക്രട്ടറി, HKS കൺസോർഷ്യത്തിനുവേണ്ടി കൺസോർഷ്യം സെക്രട്ടറി എന്നിവരാണ് കരാറിൽ ഔദ്യോഗികമായി ഒപ്പുവയ്ക്കേണ്ടത്.
NB: കരാറിന്റെ മാതൃക DPMU മുഖേന ലഭ്യമാക്കുന്നതാണ്.

**6. നിർവ്വഹണ ഉദ്യോഗസ്ഥൻ**

നഗരസഭയിലെ ക്ലീൻ സിറ്റി മാനേജർ ആയിരിക്കും പദ്ധതിയുടെ നിർവ്വഹണ ഉദ്യോഗസ്ഥൻ, നിർവ്വഹണ ഉദ്യോഗസ്ഥനെ സഹായിക്കുന്നതിനുള്ള ചുമതല KSWMP-യുടെ പ്രോജക്ക് ഇംപ്ലിമെന്റേഷൻ യൂണിറ്റ് (PIU) എഞ്ചിനീയർക്കും TSC ഡിസ്ട്രിക് പ്രോജക്ക് മാനേജ് മെന്റ് യൂണിറ്റ് ജില്ലാ പ്രോജക്ക് മാനേജ് മെന്റ് കൺസൾട്ടന്റ് (DPMC) എന്നിവിടങ്ങളിലെ Livelihood / സോഷ്യൽ എക്സ്പേർട്ടിന് ആയിരിക്കും.

**7. ഡിപിസി അംഗീകാരം**

ബിസിനസ്സ് ഡെവലപ് മെന്റ് പ്ലാൻ അംഗീകാരത്തിനായി നഗരസഭകൾ വാർഷിക പദ്ധതി അംഗീകാരത്തിന്റെ അതേ നടപടി ക്രമങ്ങൾ സ്വീകരിക്കേണ്ടതാണ്.

ജില്ലാ പ്രോജക്ക് മാനേജ് മെന്റ് യൂണിറ്റ്, അതാത് പ്രോജക്ക് ഇംപ്ലിമെന്റേഷൻ യൂണിറ്റ് (PIU) മുഖേന ബിസിനസ്സ് പ്ലാൻ ന ഗരസഭാ കൗൺസിൽ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതാണ്.

കൗൺസിൽ അംഗീകാരത്തിന് ശേഷം സുലേഖ എൻട്രി നടത്തി ഡിപിസി അംഗീകാരം നേടുന്നതിന് അനുസരിച്ച് KSWMP പ്രോജക്ക് ഡയറക്ടർ സാമ്പത്തികാനുമതി (FINANCIAL SANCTION) നൽകുന്നതാണ്.

**8. പദ്ധതി നിർവ്വഹണം.**

ബിസിനസ്സ് ഡവലപ് മെന്റ് പ്ലാനിനായി സാമ്പത്തികാനുമതി ലഭിച്ച തുക നഗരസഭകൾക്ക് KSWMPയുടെ ബേസിക് ഗ്രാന്റിൽ നിന്നും ചിലവഴിക്കാവുന്നതാണ്. നിർവ്വഹണ ഉദ്യോഗസ്ഥൻ പ്രസ്തുത തുക ഹരിതകർമ്മസേന കൺസോർഷ്യത്തിന്റെ ബിസിനസ്സ് പ്ലാൻ നിർവ്വഹണത്തിനായി പ്രത്യേകം ആരംഭിച്ച ബാങ്ക് അക്കൗണ്ടിലേക്ക് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഓരോ ബിസിനസ്സ് പ്ലാനിലും ഉൾപ്പെട്ടിട്ടുള്ള പുതുതായി വാങ്ങേണ്ട സാധന സാമഗ്രികളുടെ ടെക്നിക്കൽ സ്പെസിഫിക്കേഷൻ TSC തയ്യാറാക്കി DPMU പരിശോധിച്ച് നൽകുന്നതിന്റെ അടിസ്ഥാനത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥന്റെ സഹായത്തോടെ HKS കൺസോർഷ്യത്തിന്റെ നേതൃത്വത്തിൽ ബിസിനസ്സ് ചെയ്യാൻ തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ ചേർന്ന് പ്രസ്തുത സാധനങ്ങളുടെ/മെഷീനുകളുടെ വിവിധ വിതരണക്കാരെ /നിർമ്മാതാക്കളെ നേരിൽ ബന്ധപ്പെട്ട്, മൂന്ന് എണ്ണത്തിൽ കുറയാത്ത എണ്ണം സാധനങ്ങൾ/മെഷീനുകളുടെ വിലയും, ഗുണനിലവാരവും പരിശോധിക്കേണ്ടതാണ്. പുതുതായി വാങ്ങുന്ന മെഷീനുകൾ കൃത്യമായും പ്രസ്തുത ബിസിനസ്സ് പ്രവർത്തനത്തിന്റെ പ്രത്യേകമായ ആവശ്യത്തിനുള്ളതും, അവയുടെ ഉപയോഗം എല്ലാവിധ സാമൂഹിക-പാരിസ്ഥിതിക സുരക്ഷാ മാനദണ്ഡങ്ങൾ പാലിച്ചിട്ടുള്ളതും ആകേണ്ടതാണ്. പരിശോധനകൾ നൽകുന്നതിനാവശ്യമായ എല്ലാ സഹായവും TSC/DPMU/ നിർവഹണ ഉദ്യോഗസ്ഥൻ HKS കൺസോർഷ്യത്തിന് നൽകേണ്ടതാണ്. ഇത്തരത്തിൽ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ HKS കൺസോർഷ്യം മീറ്റിംഗ് ചേരുകയും, മികച്ച ഗുണനിലവാരവും, വിലയിൽ സ്വീകാര്യവുമായ മെഷീൻ/സാധനങ്ങൾ വാങ്ങുന്നതിനായി വിതരണക്കാർക്ക്/നിർമ്മാതാക്കൾക്ക് സപ്ലൈ ഓർഡർ നൽകേണ്ടതാണ്. പ്രസ്തുത മീറ്റിംഗിന്റെ മിനിട് സ്, HKS കൺസോർഷ്യം ഭാരവാഹികൾ/അംഗങ്ങളുടെ അഭിപ്രായം, തീരുമാനം എന്നിവ അതാത് നിർവഹണ ഉദ്യോഗസ്ഥനും DPMUവിനും സപ്ലൈ ഓർഡർ നൽകുന്നതിന് മുന്നോടിയായി സമർപ്പിക്കേണ്ടതാണ്. ഹരിതകർമ്മസേന കൺസോർഷ്യത്തിന് പ്രസ്തുത പ്രവർത്തനത്തിൽ TSC ആവശ്യമായ സാങ്കേതിക സഹായം നൽകുന്നതാണ്.

**9. HKS കൺസോർഷ്യത്തിന് തുക കൈമാറൽ.**

ബിസിനസ്സ് പ്ലാനിൻ മേൽ സാമ്പത്തികാനുമതി ലഭിക്കുന്നത് ക്യാപിറ്റൽ ഇൻവെസ്റ്റ്മെന്റിനും, ആറുമാസത്തെ വർക്കിംഗ് ക്യാപിറ്റലിനും ആയിരിക്കും. (DPMU, SPMU പരിശോധന പ്രകാരം). പ്രസ്തുത തുക നഗരസഭകൾക്കുള്ള ബേസിക് ഗ്രാന്റിൽ നിന്നും 3 ഗഡുക്കളായി ഹരിതകർമ്മസേന കൺസോഷ്യത്തിന് നൽകാവുന്നതാണ്.
ആദ്യഗഡു: അംഗീകാരം ലഭിച്ച പ്ലാൻ പ്രകാരം FS (Financial Sanction) അനുസരിച്ച് ക്യാപിറ്റൽ ഇൻവെസ്റ്റ്മെന്റ് ആദ്യഗഡുവായി നൽകേണ്ടതാണ്. FS ൽ അനുവദിച്ച ക്യാപിറ്റൽ ഇൻവേസ്റ്റ്മെന്റിന്റെ തുക പ്ലാൻ പ്രകാരം സാധനങ്ങൾ വാങ്ങുന്നതിനായി നടപടികൾ പൂർത്തീകരിച്ച് വർക്ക് ഓർഡർ നൽകിയതിന്റെ കോപ്പിസഹിതം ഫണ്ട് റിക്വസ്റ്റ് HKS കൺസോർഷ്യം നിർവ്വഹണ ഉദ്യോഗസ്ഥന് സമർപ്പിക്കുന്നതിന് അനുസരിച്ച് ആദ്യ ഗഡു തുക (100% ക്യാപിറ്റൽ ഇൻവെസ്റ്റ്മെന്റ് ) നൽകാവുന്നതാണ്.

(നഗരസഭയും, HKS കൺസോർഷ്യവും, തമ്മിലുള്ള കരാർ ഒപ്പവച്ചതിനുശേഷം മാത്രമെ ആദ്യഗഡു നൽകാൻ പാടുള്ളൂ.)
രണ്ടാംഗഡു; പ്രൊക്യൂർമെന്റ് പ്ലാൻ പ്രകാരം സാധന സാമഗ്രികൾ എല്ലാം വാങ്ങി, അവയുടെ ബിൽ, വൗച്ചർ, ഗ്യാരണ്ടി രേഖകൾ, സപ്ലൈ ഓർഡർ, ബാങ്ക് സ്റ്റേറ്റ്മെന്റ് മിനിട് സ് എന്നിവ DPMU-വിന്റെ ശുപാർശയോടൊപ്പം നിർവ്വഹണ ഉദ്യോഗസ്ഥനു സമർപ്പിക്കുന്ന മുറയ്ക്ക്, അംഗീകരിച്ച പ്ലാൻ പ്രകാരം പ്ലാൻ പ്രകാരം വർക്കിംഗ് ക്യാപിറ്റലിന്റെ ഒന്നാംഗഡു (ആദ്യത്തെ മൂന്ന് മാസത്തെ തുക) നൽകാവുന്നതാണ്. HKS കൺസോർഷ്യത്തിന്റെ പ്രവർത്തികൾ, സാമ്പത്തിക ഇടപാടുകളുടെ നിരീക്ഷണം, ഡോക്യുമെന്റേഷൻ എന്നിവയ്ക്ക് PIU എഞ്ചിനീയർ, TSC (സോഷ്യൽ, ജെന്റർ, Livelihood എക്സ്പേർട്ട്) എന്നിവരാണ് സാങ്കേതിക സഹായം നൽകേണ്ടത്.
മൂന്നാംഗഡു: വർക്കിംഗ് ക്യാപ്പിറ്റലിന്റെ ഒന്നാംഗഡു നൽകിയതിന്റെ കൃത്യമായ കണക്കുകൾ (രജിസ്റ്റർ, ബാങ്ക് സ്റ്റേറ്റ്മെന്റ്, ബിൽ, വൗച്ചർ, മിനിട് സ് ഉൾപ്പെടെയുള്ള രേഖകൾ) DPMUവിന്റെ ശുപാർശയോടൊപ്പം നിർവ്വഹണ ഉദ്യോഗസ്ഥന് സമർപ്പിക്കുന്ന മുറയ്ക്ക് അടുത്ത മൂന്ന് മാസത്തേയ്ക്കുള്ള വർക്കിംഗ് ക്യാപിറ്റൽ രണ്ടാംഗഡു തുക അംഗീകരിച്ച പ്ലാൻ പ്രകാരം നൽകാവുന്നതാണ്.
ബി.ഡി.പി. പ്രകാരമുള്ള ക്യാപിറ്റൽ ഇൻവെസ്റ്റ്മെന്റ് ചിലവഴിച്ചതിന് ശേഷവും കൃത്യമായ കണക്കുകളും രേഖകളും HKS കൺസോർഷ്യം നഗരസഭയിൽ സമർപ്പിക്കേണ്ടതാണ്.
ക്യാപിറ്റൽ ഇൻവെസ്റ്റ്മെന്റിനും വർക്കിംഗ് ക്യാപിറ്റലിനുമായി നൽകിയ മൂന്നു ഗഡുക്കളുടെയും ചിലവുകളുടെ കൃത്യമായ കണക്കുകളും രേഖകളും HKS കൺസോർഷ്യം നിർവ്വഹണ ഉദ്യോഗസ്ഥനു സമർപ്പിക്കേണ്ടതാണ്.

**10. ഓഡിറ്റ്**

KSMWP, ഗവൺമെന്റിന്റെ സോഷ്യൽ, ഫിനാൻസ് ഓഡിറ്റുകൾക്ക് വിധേയമായിരിക്കും ബിസിനസ്സ് ഡെവലപ് മെന്റ് പ്ലാനിന്റെ നിർവ്വഹണം. ഓഡിറ്റിന് ആവശ്യമായ രേഖകൾ നൽകുന്നതിനു നിർവ്വഹണ ഉദ്യോഗസ്ഥനെ PIU എഞ്ചിനീയർ,

TSC എന്നിവർ സഹായിക്കേണ്ടതാണ്. രേഖകൾ കൺസോർഷ്യം എഴുതി സൂക്ഷിക്കുകയും സമയാസമയങ്ങളിൽ നഗരസഭ നിർവ്വഹണ ഉദ്യോഗസ്ഥനും, PIU എഞ്ചിനീയർക്കും നൽകേണ്ടതുമാണ്.

**11. ജോയിന്റ് മോണിറ്ററിംഗ് കമ്മിറ്റി**

ബിസിനസ്സ് ഡെവലപ് മെന്റ് പ്ലാനിന്റെ കൃത്യമായ നിർവ്വഹണം, തുടർ നടത്തിപ്പ്, പരിപാലനം എന്നിവ ഉറപ്പുവരുത്തുന്നതിനായി നഗരസഭയിലെ ഹെൽത്ത് സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ അദ്ധ്യക്ഷനായി ഒരു ജോയിന്റ് മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കേണ്ടതാണ്. നഗരസഭാ സെക്രട്ടറി/ക്ലീൻ സിറ്റി മാനേജർ, ഹരിത കർമ്മസേനാ കൺസോർഷ്യത്തിന്റെ പ്രസിഡന്റ് / സെക്രട്ടറി, ബിസിനസ്സ് യൂണിറ്റിൽ അംഗമായ ഒരു ഹരിതകർമ്മസേനാംഗം, KSWMPയുടെ PIU എഞ്ചിനീയർ എന്നിവർ കമ്മിറ്റി അംഗങ്ങൾ ആയിരിക്കും. ഹെൽത്ത് സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സന്റെ നേതൃത്വത്തിൽ പ്രസ്തുത കമ്മിറ്റി എല്ലാ മാസവും ബസിനസ്സ് ഡെവലപ് മെന്റ് പ്ലാന്റിന്റെ നിർവ്വഹണവും പുരോഗതിയും വിലയിരുത്തുകയും, ഏതെങ്കിലും തരത്തിലുള്ള പ്രശ്നങ്ങൾ ഉണ്ടെങ്കിൽ അവ സമയബന്ധിതമായി പരിഹരിക്കുകയും ചെയ്യേണ്ടതാണ്. ഹരിത കർമ്മസേന കൺസോർഷ്യം കൃത്യമായ നിർവ്വഹണ, പ്രവർത്തന പുരോഗതി ഹെൽത്ത് സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സണ് സമർപ്പിക്കേണ്ടതാണ്.

**12. ചുമതലകളും ഉത്തരവാദിത്വങ്ങളും**

| | | |
|---|---|---|
| 1. | നഗരസഭ സെക്രട്ടറി | 1. ബിസിനസ്സ് ഡവലപ് മെന്റ് പ്ലാനിന് കൗൺസിൽ അംഗീകാരം ലഭ്യമാക്കി. DPC അംഗീകാരം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുക.<br>2. ഹരിതകർമ്മസേന കൺസോർഷ്യവുമായി കരാറിൽ ഏർപ്പെടുക.<br>3. പദ്ധതിയുടെ സുതാര്യമായ നിർവ്വഹണം ഉറപ്പ് വരുത്തുക.<br>4. സമയബന്ധിതമായി DPMU ശുപാർശ പ്രകാരം HKS കൺസോർഷ്യത്തിനു 3 ഘട്ടങ്ങളായി തുക കൈമാറുന്നു എന്ന് ഉറപ്പുവരുത്തുക.<br>(HKS കൺസോർഷ്യത്തിന്റെ ഫണ്ട് റിക്വസ്റ്റ് ലഭിച്ച് 7 പ്രവർത്തി ദിവസങ്ങൾക്കുള്ളിൽ)<br>5. HKS കൺസോർഷ്യത്തിന് ബിസിനസ്സ് ആരംഭിക്കുന്നതിന് ആവശ്യമായ ഇൻഫ്രാസ്ട്രക് ചർ സൗകര്യങ്ങൾ നൽകുക.<br>6. പദ്ധതിയുടെ ഓഡിറ്റിംഗ് നടത്തുന്നതിന് സഹായിക്കുക.<br>7. എല്ലാ മാസവും പദ്ധതിയുടെ പ്രവർത്തനവും, പുരോഗതിയും വിലയിരുത്തുക.<br>8. എതെങ്കിലും തരത്തിലുള്ള തടസങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ അടിയന്തിര ഇടപെടൽ നടത്തുകയും, ബിസിനസ് പ്രവർത്തനങ്ങൾ കാര്യക്ഷമമായി മുൻപോട്ട് കൊണ്ടുപോവുന്നതിന് HKS കൺസോർഷ്യത്തെ സഹായിക്കുകയും ചെയ്യുക. |
| 2. | നിർവ്വഹണ ഉദ്യോഗസ്ഥൻ (ക്ലീൻ സിറ്റി മാനേജർ) | 1. KSWMP പ്രൊജക്ട് ഡയറക്ടർ നൽകുന്ന FINANCIAL SANCTION പ്രകാരം 3 ഗഡുക്കളായി തുക HKS കൺസോർഷ്യത്തിന് നൽകുകയും മാർഗ്ഗരേഖയിൽ പരാമർശിച്ചത് പോലെ പദ്ധതി നിർവ്വഹണം നടത്തുകയും ചെയ്യുക.<br>2. നഗരസഭയും, HKS കൺസോർഷ്യവും തമ്മിലുള്ള കരാർ നടപ്പിലാക്കുക, (ബിസിനസ്സ് പ്ലാനിന് കൗൺസിൽ അംഗീകാരം ലഭിച്ചാൽ അടിയന്തിരമായി കരാർ ഒപ്പുവെയ്ക്കേണ്ടതാണ്.)<br>3. പദ്ധതിയുടെ കൃത്യമായ നിർവ്വഹണം TSC/DPMU എന്നിവയുടെ സഹായത്തോടെ HKS കൺസോർഷ്യം മുഖേന ഉറപ്പ് വരുത്തുക.<br>4. ബിസിനസ്സിന്റെ തുടർ നടത്തിപ്പും പരിപാലനവും നിരീക്ഷിച്ച്, ആവശ്യമായ മാർഗനിർദ്ദേശങ്ങൾ നൽകുക.<br>5. പദ്ധതിയുടെ ഓഡിറ്റ് നടത്തുന്നതിനു സഹായിക്കുക.<br>6. HKS കൺസോർഷ്യത്തിനു പ്ലാൻ നടത്തിപ്പിനാവശ്യമായ സഹായങ്ങൾ PIU എഞ്ചിനീയർ, TSC എന്നിവരുടെ സഹായത്തോടെ നൽകുക. |

| | | |
|---|---|---|
| 3. | HKS കൺസോർഷ്യം | 1) നഗരസഭയുമായി കരാറിൽ ഏർപ്പെടുക.<br>2) സംരംഭകത്തിൽ ഏർപ്പെടുന്ന ആളുകളെ MSME-യിൽ മൈക്രോ എന്റർപ്രൈസ് (ME) ആയി രജിസ്റ്റർ ചെയ്യുക.<br>3) മാർഗ്ഗരേഖ പ്രകാരം ബാങ്ക് അക്കൗണ്ട് തുടങ്ങുക.<br>4) പ്രൊക്യൂർമെന്റ് പ്ലാൻ പ്രകാരം സാധന, സാമഗ്രികൾ വാങ്ങുക.<br>5) എല്ലാ സാമ്പത്തിക ഇടപാടുകളുടെയും കൃത്യമായ രേഖകൾ, മീറ്റിംഗ് മിനിട് സ്, എന്നിവ നഗരസഭ/KSWMP ആവശ്യപ്പെടുന്ന സമയങ്ങളിൽ നൽകുക.<br>6) കൃത്യമായ അക്കൗണ്ട്സ് സംവിധാനം ആരംഭിക്കുകയും നടപ്പിലാക്കുകയും ചെയ്യുക.<br>7) നഗരസഭയിൽ നിന്നും ലഭിക്കുന്ന ഓരോ ഗഡു തുകയും അംഗീകരിക്കപ്പെട്ട പ്ലാൻ പ്രകാരം നിർവഹണ ഉദ്യോഗസ്ഥന്റെ അനുമതിയോടെ ചെലവഴിക്കുകയും കൃത്യമായ രേഖകൾ സൂക്ഷിക്കുകയും ചെയ്യുക.<br>8) ഓരോ ഗഡു തുകയും ചെലവഴിച്ചശേഷം, അടുത്ത ഗഡു (FS പ്രകാരം) ലഭിക്കുന്നതിനായി നിർവ്വഹണ ഉദ്യോഗസ്ഥന് ആവശ്യമായ രേഖകൾ സഹിതം അപേക്ഷ സമർപ്പിക്കുക.<br>9) സമയബന്ധിതമായി പ്രവർത്തികൾ പൂർത്തീകരിച്ച് ബിസിനസ്സ് ആരംഭിക്കുകയും, സുസ്ഥിരമായി നടത്തിക്കൊണ്ട് പോവുകയും ചെയ്യുക.<br>- PIU എഞ്ചിനീയർ, TSC, DPMU എന്നിവർ മേൽ പ്രവർത്തനങ്ങളിൽ സഹായിക്കുന്നതാണ്.<br>(10) ഓഡിറ്റിനു ആവശ്യമായ കണക്കുകളും രേഖകളും നിർവ്വഹണ ഉദ്യോഗസ്ഥനു നൽകുക. |
| 4 | ജില്ലാ പ്രൊജക്റ്റ് മാനേജ് മെന്റ് യൂണിറ്റ് (DPMU) | 1) പദ്ധതി നിർവ്വഹണത്തിന് ആവശ്യമായ സാങ്കേതിക സഹായങ്ങൾ നൽകുക.<br>2) FS ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുക.<br>3) പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നു എന്ന ഉറപ്പ വരുത്തുക.<br>4) നഗരസഭ, HKS കൺസോർഷ്യം എന്നിവർക്കാവശ്യമായ സാങ്കേതിക സഹായങ്ങളും, പരിശീലനങ്ങളും ടെക്നിക്കൽ സപ്പോർട്ട് കൺസൾട്ടന്റ് മുഖേന ഉറപ്പ വരുത്തുക.<br>5) നിർവ്വഹണവുമായി ബന്ധപ്പെട്ട് എല്ലാ പ്രവർത്തനങ്ങളുടെയും സാമ്പത്തിക ഇടപാടുകളുടെയും രേഖകൾ, മീറ്റിംഗ് മിനിട് സ് എന്നിവ പരിശോധിക്കുകയും ഉറപ്പ വരുത്തുകയും ചെയ്യും.<br>6) നഗരസഭയിൽനിന്നും സമയബന്ധിതമായി ഓരോ ഗഡു തുകയും HKS കൺസോർഷ്യത്തിന് ലഭിക്കുന്നുവെന്ന് ഉറപ്പ വരുത്തുക. ബിസിനസ്സിന്റെ തുടർ നടത്തിപ്പിലും പരിപാലനത്തിലും വേണ്ട സാങ്കേതിക സഹായങ്ങൾ ഉറപ്പാക്കുക.<br>8) പദ്ധതിയുടെ ഓഡിറ്റിങ്ങിന് ആവശ്യമായ സഹായം നൽകുക. |
| 5 | ടെക്നിക്കൽ സപ്പോർട്ട് കൺസൾട്ടന്റ് | 1) മാർഗ്ഗനിർദ്ദേശപ്രകാരം ബിസിനസ്സ് ഡവലപ് മെന്റ് പ്ലാൻ തയ്യാറാക്കുക.<br>2) പ്ലാൻപ്രകാരം വാങ്ങിക്കേണ്ട സാധനങ്ങളുടെ ടെക്നിക്കൽ സ്പെസിഫിക്കേഷൻ തയ്യാറാക്കുക.<br>3) ടെക്നിക്കൽ സ്പെസിഫിക്കേൻ പ്രകാരം പ്രൊക്യൂർമെന്റ് പ്ലാൻ തയ്യാറാക്കുക.<br>4) ക്വട്ടേഷൻ നോട്ടീസ് തയ്യാറാക്കുകയും, തുടർ നടപടികൾക്കായി HKS കൺസോർഷ്യത്തിനെ സഹായിക്കുകയും ചെയ്യുക.<br>5) പദ്ധതി നിർവ്വഹണത്തിൽ HKS കൺസോർഷ്യത്തിനെ സഹായിക്കുക.<br>6) HKS കൺസോർഷ്യത്തിന് ആവശ്യമായ രേഖകളും കണക്കുകളും സൂക്ഷിക്കുന്നതിനു സഹായം നൽകുക.<br>7) നഗരസഭയിൽ നിന്നും ഓരോ ഗഡുവും ലഭ്യമാക്കുന്നതിനായി ഫണ്ട് റിക്വസ്റ്റ് തയ്യാറാക്കുന്നതിന് HKS കൺസോർഷ്യത്തിനെ സഹായിക്കുക.<br>8) BDPയിൽ നിർദ്ദേശിക്കപ്പെട്ട മാനവ വിഭവശേഷി, നൈപുണ്യ വികസന പരിശീലനങ്ങൾ (CAPACITY BUILDING/SKILL DEVELOPMENT TRAINING) നടപ്പിലാക്കുന്നതിന് നേതൃത്വം നൽകുക.<br>9) ബിസിനസ്സിന്റെ മാർക്കറ്റിംഗ്, സുസ്ഥിരതയ്ക്ക് ആവശ്യമായ സാങ്കേതിക സഹായം ഉറപ്പ വരുത്തുക. |

| | | |
|---|---|---|
| | | 10. പദ്ധതിയുടെ ഓഡിറ്റ് നടത്താനുള്ള സഹായം നഗരസഭക്കും HKS കൺസോർഷ്യത്തിനും ഗ്രൂപ്പിനും നൽകുക.<br>11. പദ്ധതി നിർവഹണത്തിന്റെ പുരോഗതി റിപ്പോർട്ട് തയ്യാറാക്കുക. |
| 6 | ഡിസ്ട്രിക്ട് പ്രോജക്ട് മാനേജ് മെന്റ് കൺസൽട്ടന്റ് (DPMC) | 1. ബിസിനസ്സ് പ്ലാൻ അംഗീകാരത്തിനും, FS ലഭ്യമാക്കുന്നതിനും DPMU വിനെ സഹായിക്കുക.<br>2. കരാർ പരിശോധിച്ച് യഥാസമയം ഒപ്പുവയ്ക്കുന്നതിന് സഹായം നൽകുക.<br>3. TSC തയ്യാറാക്കുന്ന ടെക്കിക്കൽ സ്പെസിഫിക്കേഷനും, പ്രൊക്യൂർമെന്റ് പ്ലാനും പരിശോധിച്ച് DPMU അംഗീകാരത്തിനായി നൽകുക.<br>4. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട സാങ്കേതിക സഹായം നൽകുക.<br>5. TSC തയ്യാറാക്കുന്ന പദ്ധതി നിർവ്വഹണത്തിന്റെ പ്രോഗ്രസ്സ് റിപ്പോർട്ട് പരിശോധിച്ച് DPMU വിൽ സമർപ്പിക്കുക.<br>6. DPMU തലത്തിലുള്ള എല്ലാ പ്രവർത്തനങ്ങൾക്കും സാങ്കേതിക സഹായം ഉറപ്പുവരുത്തുക.<br>7. പദ്ധതിയുമായി ബന്ധപ്പെട്ട എല്ലാ ഡോക്യുമെന്റേഷനും കൃത്യമായി ചെയ്യുന്നതിന് TSC ക്ക് ആവശ്യമായ മാർഗ്ഗ നിർദേശം നൽകുക. |
| 7 | ജില്ലാ കുടുംബശ്രീ മിഷൻ | 1. 14 ജില്ലകളിലും ജില്ലാ മിഷന്റെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന നൈപുണ്യ വികസന, സംരഭകത്വ പരിശീലനങ്ങൾ, വിവിധ മേളകൾ, Performance Improvement Programme എന്നിവയിൽ അതാത് നഗരസഭകളിലെ ഹരിതകർമ്മസേന ബിസിനസ്സ് യൂണിറ്റിനെ ഉൾപ്പെടുത്താനുള്ള നടപടി സ്വീകരിക്കുക. 2. ഓരോ നഗരസഭയിലെയും ഹരിത കർമ്മസേനാംഗങ്ങളുടെ ബിസിനസ്സ് യൂണിറ്റ് കൃത്യമായി നടക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിനുള്ള മോണിറ്ററിംഗ് ചുമതല അതാത് നഗരസഭകളിലെ CDSനും, ME കൺസൾട്ടന്റിനും നൽകുക.<br>3. നഗരസഭാതലത്തിലും, ജില്ലാതലത്തിലും ഓരോ ബിസിനസ്സ് യൂണിറ്റിന്റെയും പ്രവർത്തനങ്ങൾ പ്രചരിപ്പിക്കുന്നതിനുവേണ്ട സഹായങ്ങൾ നൽകുക. |